ഉത്തരം

(എ) ഉണ്ട്. കയർ സംസ്കരണ യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, പുതിയ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഗവേഷണം നടത്തുന്നതിനു പദ്ധതിയുണ്ട്. കയർ മേഖലയിൽ ഗവേഷണ പ്രവർത്തനം നടത്തുക, പരിശീലന പദ്ധതി ആവിഷ്കരിക്കുക എന്നീ കാര്യങ്ങൾക്കായി 49.90 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കയറിന്റെ വാങ്ങൽ വില 15.6.1999 മുതൽ കയർഫെഡ് വർദ്ധിപ്പിച്ചിട്ടുണ്ട്. തൊഴിലാളികളുടെ കൂലിയിൽ പ്രതിദിനം 11 രൂപയുടെ വർദ്ധനവ് അനുവദിച്ചതിന്റെ അടിസ്ഥാനത്തിലാണ് കയർ വിലയും വർദ്ധിപ്പിച്ചത്. ഇത് കയർ സഹകരണ സംഘങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിക്കുമെന്നാണ് കരുതുന്നത്.

39 (1265) കയർ വ്യവസായം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിൽ വൈവിദ്ധ്യവൽക്കരണവും പരിഷ്ക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തു തുകയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്?

ഉത്തരം

(എ) കയർ വ്യവസായം വൈവിദ്ധ്യവൽക്കരിക്കുന്നതിനും, പുതിയതരം കയറുൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. വൈവിദ്ധ്യമാർന്ന പുതിയതരം കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കേന്ദ്രീകൃതമായി സ്ഥാപിക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഹോം മാറ്റിംഗ്സ്, കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴി വൈവിദ്ധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾത്തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) പുതുതായി നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള പദ്ധതിക്ക് ഉദ്ദേശം 40 കോടി രൂപയുടെ മുടക്കുമുതൽ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

40 (1266) കയർ വ്യവസായത്തിലെ മിനിമം വേതനം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly